**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1738** **12-09-2023 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിൽ മഴക്കാലത്ത് നെൽകൃഷിയിൽ നാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ, മഴക്കാലത്ത് നെൽകൃഷിയിൽ തുടർച്ചയായി നാശനഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്ന പാടശേഖരങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തുടർച്ചയായ നഷ്ടം സംഭവിക്കുന്നതിന്റെ കാരണം കണ്ടെത്തി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കീഴരിയൂർ പഞ്ചായത്തിലെ ചെറുപുഴ പാടശേഖരത്തിൽ 2022-23 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിയിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് 'കതിരണി' എന്ന പ്രോജക്ട് തയ്യാറാക്കുകയും 31 ലക്ഷം രൂപ ചെലവഴിച്ച് 30 ഹെക്ടർ സ്ഥലം നെൽകൃഷി ചെയ്യുന്നതിനായി വെള്ളക്കെട്ട് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. മേപ്പയ്യൂർ പഞ്ചായത്തിലെ കീഴ്പ്പയ്യൂർ പാടശേഖരത്തിൽ ചെറുകിട ജലസേചന വകുപ്പിന്റെ ആഭിമുഖ്യത്തിൽ തോട് അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്കായി 6,11,460/- രൂപ നെൽകൃഷി വികസനം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ